പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

15-02-2016 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ. 1549

## അഗ്രി കാർഡ് വിതരണം

ചോദ്യം

മറുപടി

ശ്രീ.എം. ചന്ദ്രൻ

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്തെ രജിസ്ട്രേഷൻ പൂർത്തീകരിച്ച കർഷകർക്ക് അഗ്രികാർഡ് നൽകുന്നതാണെന്ന 2014-15 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ; | (എ) | നടപ്പാക്കിക്കൊണ്ടിരിക്കുന്നു. |
| (ബി) എത്ര പേർക്കാണ് അഗ്രി കാർഡ് വിതരണംപൂർത്തിയാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | ((ബി) | 09.05.2014 ലെ സ. ഉ. (സാധാ) നം.854/2014/കൃഷി പ്രകാരം അഗ്രി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കാനറാ ബാങ്കിനെ തിരഞ്ഞെടുത്തു. കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകർക്കും 2014-15 സാമ്പത്തിക വർഷത്തിലെ കർഷക ദിനമായ ചിങ്ങം 1 ന് മുമ്പ് അഗ്രികാർഡുകൾ വിതരണം ചെയ്യുവാനായി കാനറാ ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു എങ്കിലും ഉദ്ഘാടന ദിവസമായ 04.03.2014 ന് 6 കർഷകർക്ക് മാത്രമേ അഗ്രികാർഡ് വിതരണം ചെയ്തിട്ടുള്ളൂ. അതിനുശേഷം കാനറാ ബാങ്ക് അഗ്രികാർഡ് വിതരണം ചെയ്തിട്ടില്ല.<br>തുടർന്ന് 13.08.2015 ലെ സ.ഉ.(സാധാ) നം.1389/2015/കൃഷി പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കേരളാ ഗ്രാമീൺബാങ്കിനെ തിരഞ്ഞെടുത്തു. കേരളാ ഗ്രാമീൺ ബാങ്ക് മുഖേന |

| | | |
|---|---|---|
| | | ഇതുവരെ 380 അഗ്രികാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) അഗ്രികാർഡ് മുഖേന കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന് അറിയിക്കാമോ? | (സി) | അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് വിഭാവന ചെയ്തിട്ടുള്ളത്.<br>• കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റുസഹായങ്ങളും<br>• ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ ( Crop Loan)<br>• 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല - ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാരാണ് നല്കുന്നത്. |

സെക്ഷൻ ഓഫീസർ